പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3464 — 22/08/2017-ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളുടെ ചൂഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | മഴക്കാല രോഗങ്ങളുടെ മറവിൽ സ്വകാര്യ ആശുപത്രികൾ ജനങ്ങളെ ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ), ബി) & സി) | ഉണ്ട്. സ്വകാര്യ ചികിത്സാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് നിലവിൽ ആരോഗ്യ വകുപ്പിന് സംവിധാനമില്ല. എന്നാൽ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനം വ്യവസ്ഥാപിതമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ബിൽ 2017" ന് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ബിൽ നിയമസഭയിൽ 10/08/2017 ന് അവതരിപ്പിക്കുകയുണ്ടായി. ബിൽ നിയമമാകുന്ന മുറയ്ക്ക് ലാബുകളുടെ പ്രവർത്തന നിലവാരവും പരിശോധന നിലവാരവും കുറ്റമറ്റതും നിയന്ത്രണ വിധേയവുമാക്കാൻ സാധിക്കുന്നതാണ്. |
| ബി) | അനാവശ്യമായ ലാബ് പരിശോധനകൾ സ്കാനിംഗ് എന്നിവ നടത്തി രോഗികളിൽ നിന്നും അമിത ഫീസ് ഈടാക്കുന്ന പ്രവണതക്കെതിരെ എന്തെങ്കിലും നിയന്ത്രണം കൊണ്ടുവരുവാൻ ആലോചിക്കുന്നുണ്ടോ; | | |
| സി) | ക്ലിനിക്കൽ എസ്റ്റാബ്ലിഷ് മെന്റ് നിയമം നടപ്പ് സമ്മേളനകാലയളവിൽ സഭയിൽ അവതരിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ